## കോതമംഗലം നഗരസഭ

## ഖരമാലിന്യ സംസ്കരണം

## താത്പര്യപത്രം - വിശദാംശങ്ങൾ

ഹൈറേഞ്ചിന്റെ കവാടമെന്ന് വിശേഷിപ്പിക്കാവുന്ന കോതമംഗലം നഗരം ഏകദേശം 39.04 ച.കി.മീ. വിസ്തൃതിയുള്ളതും, പൂർണ്ണമായും നാഗരികത വ്യാപരിക്കാത്തതുമായ ഒരു പട്ടണമാണ്. ഈ പട്ടണത്തിലെ ജനസംഖ്യ ഏകദേശം 40,000 വരും.

നഗരസഭാ ആസ്ഥാനത്തുനിന്നും ഏകദേശം 5 കി.മീ. ദൂരത്തിൽ നഗരാതിർത്തിയിൽ കുമ്പളത്തുമുറി എന്ന സ്ഥലത്ത് 2 ഏക്കർ സ്ഥലമാണ് നഗരസഭ ചവർ സംസ്കരണത്തിനായി ഉപയോഗിച്ചു വരുന്നത്. നഗരസഭയുടെ ടൗൺ പ്രദേശത്ത് പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽനിന്നും ശേഖരിക്കപ്പെടുന്നതുമായ 5 മുതൽ 7 വരെ ടണ്ണോളം മാലിന്യങ്ങൾ നഗരസഭയുടെ ഡംപിംഗ് യാർഡിൽ വലിയ കുഴികളിൽ നിക്ഷേപിച്ചുവരുന്നു. ഖരമാലിന്യത്തിൽ 30-40 ശതമാനത്തോളം അജൈവവസ്തുക്കളായ പ്ലാസ്റ്റിക്, തെർമോകോൾ, ഗ്ലാസ്, ഇരുമ്പ്, ചിരട്ട, ടയർ തുടങ്ങിയവ ഉൾപ്പെടുന്നു. ടി വസ്തുക്കൾ ജൈവ പദാർത്ഥങ്ങളോടൊന്നിച്ച് ഭൂമിയിൽ നിക്ഷേപിക്കുമ്പോൾ ജൈവ വസ്തുക്കൾ പോലും അഴുകുന്നതിന് തടസമാവുകയും, ജലസ്രോതസ്സുകൾ മലിനപ്പെടുകയും ചെയ്യുന്നു. ആയതിനാൽ ശാസ്ത്രീയമായ രീതിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് ജൈവ, അജൈവ വസ്തുക്കൾ തരം തിരിച്ച് ജൈവവസ്തുക്കൾ ജൈവവളമായും അജൈവ വസ്തുക്കൾ സംസ്കരിച്ച് ഉപയോഗപ്രദമാക്കി മാറ്റുകയും ചെയ്യുന്നതാണ് പദ്ധതി. 562.5മീ2 ഏരിയായിലുള്ള വിൻഡ്രോ കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഷെഡും, 312മീ2 ഏരിയായിലുള്ള വെർമി കമ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഷെഡും 73.5മീ2 ഏരിയായിലുള്ള Plastic Shreddering unit സ്ഥാപിക്കുന്നതിനുള്ള ഷെഡും ഡംപിംഗ് യാർഡിൽ പൂർത്തിയായി വരുന്നു.

നഗരസഭയിൽ 21 സ്ഥിരം തൊഴിലാളികളും 24 കുടുംബശ്രീ തൊഴിലാളികളും ആണ് മാലിന്യശേഖരണത്തിനായി ജോലി ചെയ്തു വരുന്നത്. രണ്ട് ലോറിയും ഒരു ട്രാക്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ചവർ ശേഖരിച്ച് ഡംപിംഗ് യാർഡിൽ നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചു വരുന്നു. നിലവിലുള്ള തൊഴിലാളികളും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് മാലിന്യം ശേഖരിച്ച് ഡംപിംഗ്‌യാർഡിൽ സംസ്കരണം നടത്തുന്ന ജോലിയാണ് ചെയ്യേണ്ടത്. ഇതിനാവശ്യമായ മെഷിനറികൾ ടി ജോലി ഏറ്റെടുക്കുന്ന ഏജൻസികൾ സ്ഥാപിച്ച് സംസ്കരണം നടത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾ നഗരസഭാ ഹെൽത്ത് വിഭാഗത്തിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

MUNICIPAL OFFICE
Pin - 686 691
KOTHAMANGALAM

ഹെൽത്ത് സൂപ്പർവൈസർ